# University of Calicut
## Directorate of Research

**<u>കോഴ്സ് വർക്കുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ</u>**

ഓരോ വർഷവും ജനുവരി 1 , ജൂലൈ 1 തിയ്യതികളിലാണ് കോഴ്സ് വർക്ക് സെമസ്റ്റർ ആരംഭിക്കുന്നത് .

ജനുവരി 1 മുതൽ ആരംഭിക്കുന്ന കോഴ്സ് വർക്ക് സെമസ്റ്റർ ജൂൺ 30 ന അവസാനിക്കുകയും ജൂലൈ 1 മുതൽ ആരംഭിക്കുന്ന കോഴ്സ് വർക്ക് സെമസ്റ്റർ ഡിസംബർ 31 ന അവസാനിക്കുകയും ചെയ്യുന്നു.

ഒരു കോഴ്സ് വർക്ക് സെമസ്റ്ററിനിടയിൽ പി.എച്ച്.ഡി. പ്രവേശനം ലഭിച്ച ഗവേഷകന് തുടർന്ന് വരുന്ന സെമെസ്റ്ററിൽ മാത്രമേ കോഴ്സ് വർക്ക് ആരംഭിക്കാൻ കഴിയുകയുള്ളൂ.

പി.എച്ച്.ഡി. പ്രവേശനം ലഭിച്ചു രണ്ട് വർഷത്തിനുള്ളിൽ ഏതെങ്കിലും ഒരു സെമെസ്റ്ററിൽ കോഴ്സ് വർക്ക് പൂർത്തിയാക്കേണ്ടതാണ്.

കോഴ്സ് വർക്ക് ആരംഭിക്കുന്നതിനു മുന്നോടിയായി എലെക്റ്റിവ് പേപ്പറിന്റെ സിലബസ് തയ്യാറാക്കി RAC അംഗീകാരം നേടിയിരിക്കണം.

റിസർച്ച് സെന്ററുകൾ കോഴ്സ് വർക്കിനായി ഓരോ സെമെസ്റ്ററിലും ടൈം ടേബിൾ തയ്യാറാക്കേണ്ടതുണ്ട്.

റിസർച്ച് റെഗുലേഷനിൽ പ്രതിപാദിച്ചിരിക്കുന്ന മുഴുവൻ കോഴ്സ് വർക്ക് ക്രെഡിറ്റുകളും ഒരു സെമസ്റ്ററിൽ തന്നെ പൂർത്തിയാക്കേണ്ടതുണ്ട്.

ഫുൾ ടൈം ഗവേഷകർക്കും പാർട്ട് ടൈം ഗവേഷകർക്കും കോഴ്സ് വർക്ക് ക്രെഡിറ്റുകളിൽ വ്യത്യാസം ഉണ്ടായിരിക്കുന്നതല്ല.

പ്രാഥമിക യോഗ്യതാ പരീക്ഷ (PQE) എഴുതുന്നതിന് 70% മിനിമം കോഴ്സ് വർക്ക് അറ്റന്റൻസ് ഉണ്ടായിരിക്കണം.

ഓരോ സെമസ്റ്ററിലും കോഴ്സ് വർക്ക് ചെയ്തുകൊണ്ടിരിക്കുന്ന ഗവേഷകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് റിസർച്ച് സെന്ററുകളിലേക്ക് അയക്കുന്ന Circular പ്രകാരമുള്ള വിവരങ്ങൾ, നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട സെക്ഷനിലേക്ക് ഇ മെയിൽ വഴി അയക്കേണ്ടതാണ്.

കോഴ്സ് വർക്ക് പൂർത്തിയാക്കിയ ഗവേഷകരുടെ അറ്റന്റൻസ്, റിസർച്ച് ഗൈഡ് പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

**<u>PQE ജൂലൈ 2025 (കോഴ്സ് വർക്ക് സെമസ്റ്റർ: 2025 ജനുവരി 1 - ജൂൺ 30 )</u>**

2025 ജനുവരി 1 മുതൽ കോഴ്സ് വർക്ക് ആരംഭിക്കുന്ന ഗവേഷകരുടെ വിവരങ്ങൾ യൂണിവേഴ്സിറ്റിയിലേക്ക് അറിയിക്കുന്നതിനായി എല്ലാ ഗവേഷണ കേന്ദ്രങ്ങളിലേക്കും Circular നൽകിയിട്ടുണ്ട് (Circular No.153570/RESEARCH-E-ASST-3/2016/Admn, dated 24.12.2024).

റിസർച്ച് സെന്ററുകൾ കോഴ്സ് വർക്കിനായി തയ്യാറാക്കിയ ടൈം ടേബിൾ, സർക്കുലറിൽ ആവശ്യപ്പെട്ടിരിക്കുന്ന മറ്റു വിവരങ്ങൾ എന്നിവ 2025 ജനുവരി 31 തിയ്യതിക്കുള്ളിൽ, dore@uoc.ac.in എന്ന ഇ മെയിൽ വഴിഅയക്കേണ്ടതാണ് .

ഒരു റിസർച്ച് സെന്ററിലെ മുഴുവൻ ഗവേഷകരുടെയും പേരുവിവരങ്ങൾ ഒരുമിച്ച് നൽകേണ്ടതാണ്.

സമയ പരിധി അവസാനിച്ചതിന് ശേഷം ലഭിക്കുന്ന ലിസ്റ്റ് പരീക്ഷയ്ക്ക് വേണ്ടി പരിഗണിക്കുന്നതല്ല.

കോഴ്സ് വർക്കിനായി RAC അംഗീകരിച്ച പേപ്പർ II എലെക്റ്റിവ് ന്റെ സിലബസ് റിസർച്ച് സെന്ററുകളിൽ സൂക്ഷിക്കേണ്ടതാണ്. യൂണിവേഴ്സിറ്റിയിലേക്ക് അയക്കേണ്ടതില്ല.